**കേരളകാർഷിക സർവ്വകലാശാല**
**കശുമാവ് ഗവേഷണകേന്ദ്രം,മാടക്കത്തറ**

**ക്വട്ടേഷൻ നോട്ടീസ്**

സി.ആർ.എം (അക്കൗ) - 1456/19 തിയ്യതി - 16 /07/2019

കേരള കാർഷിക സർവ്വകലാശാലയുടെ മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിന്റെ ഫാമിൽ 2019 ഓഗസ്റ്റ് 1 മുതൽ 2020 ജൂലായ് 31 വരെ താഴെപ്പറയുന്ന ജോലികൾ ട്രാക്ടർ ഉപയോഗിച്ച് ചെയ്യുന്നതിന് നിർദ്ദിഷ്ട യോഗ്യതകൾ ഉള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ തയ്യാറുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ജോലികൾ

1. ട്രാക്ടറിൽ സ്ളാഷർ ഘടിപ്പിച്ച് കളകൾ വെട്ടുക/വീശുക
2. ട്രാക്ടറിൽ ഡിസ്ക്/കൾട്ടിവേറ്റർ ഘടിപ്പിച്ച് തോട്ടം ഉഴുതുക
3. ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന സ്പ്രേയർ /മറ്റു സ്പ്രേയറുകൾ ഉപയോഗിച്ച് കശുമാവിന് മരുന്ന് തളിക്കുക
4. ട്രെയ്ലറിൽ സാധനങ്ങൾ(വെള്ളം,ചാണകം,വളം,ഫാമുമായി ബന്ധപ്പെട്ട മറ്റു വസ്തുക്കൾ)കടത്തുക
5. ഫാമിൽ നിന്നും നിർദ്ദേശിക്കുന്ന മറ്റു പണികൾ

നിബന്ധനകൾ

1. ഡ്രൈവിങ്ങ് ജോലിക്ക് നിയോഗിക്കപ്പെടുന്നവർക്ക് ദിവസം 8 മണിക്കൂർ ജോലി ചെയ്യുന്നതിനുള്ള നിരക്കാണ് കാണിക്കേണ്ടത്.അതിൽ തന്നെ ക്രമ നമ്പർ 1 & 2 ജോലികൾ ചെയ്യുമ്പോൾ ദിവസം ചുരുങ്ങിയത് 4 മണിക്കൂർ (മീറ്റർ റീഡിങ്ങ് 2 മണിക്കൂർ)ഡ്രൈവ് ചെയ്തിരിക്കണം.ക്രമ നമ്പർ 3 & 4 ൽ പറയുന്ന ജോലികൾ ചെയ്യുന്ന ദിവസങ്ങളിൽ വെയ്റ്റിങ്ങ് സമയം കൂടാതെ ചുരുങ്ങിയത് 2 മണിക്കൂർ(മീറ്റർ റീഡിങ്ങ് 1 മണിക്കൂർ) ഡ്രൈവ് ചെയ്തിരിക്കണം.
2. മിനിമം ഡ്രൈവിങ്ങ് ഡ്യൂട്ടി കഴിഞ്ഞുള്ള സമയം ട്രാക്ടറിൽ ആവശ്യാനുസരണം അനുബന്ധ ഉപകരണങ്ങൾ ഘടിപ്പിക്കുകയും,അഴിച്ചുമാറ്റുകയും ചെയ്യുക, നട്ടുകളും ബോൾട്ടുകളും പരിശോധിച്ച് മുറുക്കുക,ഡീസൽ, എഞ്ചിൻഓയിൽ,വെള്ളം,എയർ തുടങ്ങിയവ പരിശോധിച്ച് നിറക്കുക, ട്രാക്ടറും അനുബന്ധഉപകരണങ്ങളും കഴുകി വൃത്തിയാക്കുക, കേടുപാടുകൾ യഥാസമയം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യുക,ഫാമിൽ നിന്നും ആവശ്യപ്പടുന്ന മറ്റു ലഘു ജോലികൾ എന്നിവ ചെയ്യേണ്ടതാണ്.
3. ഡ്രൈവിങ്ങിന് നിയോഗിക്കപ്പെടുന്ന ജോലിക്കാർ ട്രാക്ടർ ഡ്രൈവിങ്ങിൽ ലൈസൻസും പരിശീലനവും ഉള്ളവരായിരിക്കേണ്ടതും അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതും ആണ്.
4. ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് അടയ്ക്കേണ്ട സേവന നികുതി (1%)ബില്ലിൽ നിന്നും ഈടാക്കുന്നതാണ്. ഇതിനു പുറമേ മറ്റേതങ്കിലും നികുതികൾ അടയ്ക്കേണ്ടതുണ്ടങ്കിൽ അത് കരാറുകാരൻ തന്നെ അടയ്ക്കേണ്ടതാണ്.
5. ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് മുടക്കം കൂടാതെ തൊഴിലാളികളെ നിയോഗിക്കേണ്ടതും സമയപരിധിക്കുള്ളിൽ ജോലികൾ തീർത്തുതരേണ്ടതുമാണ്.
6. മറ്റു തൊഴിലാളികളുടെ സഹായം ആവശ്യമുള്ള ട്രാക്ടർ ജോലികൾക്ക് തൊഴിലാളികളെ ഫാമിൽ നിന്നും നിയോഗിക്കുന്നതാണ്.
7. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരവും ഫാമിൽ നിന്നും നിർദ്ദേശിക്കുന്ന പ്രകാരവും ജോലി യുടെ ഗുണ നിലവാരം ഉറപ്പുവരുത്തണം.
8. ട്രാക്ടർ കൊണ്ട് ജോലി ചെയ്യുമ്പോൾ അശ്രദ്ധമൂലം ട്രാക്ടറിനോ ഫാമിലെ വസ്തുക്കൾക്കോ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടമുണ്ടായാൽ കരാറുകാരൻ നഷ്ടപരിഹാരം തരേണ്ടതാണ്
9. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ജോലിയ്ക്കുള്ള പ്രതിഫലം തടഞ്ഞുവെക്കുവാനും ക്വട്ടേഷൻ റദ്ദാക്കുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുവാനും

Scanned by CamScanner

ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും. ചെയ്യുവാനുള്ള ജോലിയുടെ വിശദവിവരങ്ങൾ അറിയാൻ എല്ലാ പ്രവൃത്തിദിവസവും കരാർ ലഭിച്ച ആൾ ഫാം ഓഫീസുമായി ബന്ധപ്പെടേണ്ടതുമാണ്.

10. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
11. ഈ ക്വട്ടേഷൻ പ്രകാരം ജോലിചെയ്യുന്നതിന്റെ പേരിൽ സർവ്വകലാശാലയിലെ യാതൊരു വിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.
12. കാർഷിക സർവ്വകലാശാലയുടെ അന്തസിന് നിരക്കാത്ത പ്രവൃത്തികൾ കരാർ തൊഴിലാളികളിൽ നിന്ന് ഉണ്ടായാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.

ക്വട്ടേഷനുകൾ 23/07/2019 തിയ്യതി രാവിലെ 11.00 മണിക്ക് മുമ്പായി ഗവേഷണകേന്ദ്രം മേധാവി,കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന ജോലിയുടെ പേര് കവറിനുപുറത്ത് എഴുതണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി 2000/- രൂപ ഓഫീസിൽ അടക്കേണ്ടതാണ്. ക്വട്ടേഷനുകൾ 23/07/2019 ന് രാവിലെ 11.30 ന് തൽസമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ക്വട്ടേഷൻ ലഭിക്കുന്ന കരാറുകാരൻ 5000/- രൂപ (അയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി നിക്ഷേപമായി 27/07/2019-ാം തീയതി രാവിലെ 11.00 മണിക്കകം ഓഫീസിൽ അടക്കേണ്ടതാണ്. മറ്റു ബാധ്യതകൾ ഒന്നും ഇല്ലെങ്കിൽ പ്രസ്തുത തുക കരാർ കാലയളവിലെ പണികൾ തീർത്തശേഷം തിരികെ നൽകുന്നതാണ്. അതോടൊപ്പം തന്നെ കരാർ വ്യവസ്ഥകൾ അനുസരിച്ച് ജോലികൾ ഏറ്റെടുത്ത് നൽകാൻ തയ്യാറാണെന്നുള്ള ഒരു സമ്മതപത്രം 27/07/2019 നു രാവിലെ 11.00 മണിക്ക് മുമ്പായി 200/- രൂപയുടെ മുദ്രപത്രത്തിൽ എഴുതി സമർപ്പിക്കുകയും ചെയ്താൽ മാത്രമേ കരാർ ജോലി ഏറ്റെടുക്കാൻ അനുവദിക്കുകയുള്ളു.

ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കുവാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഒപ്പ്
**ഗവേഷണകേന്ദ്രം മേധാവി**

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. “ ഹോർട്ടിക്കൾച്ചർ കോളേജ്,വെള്ളാനിക്കര
3. “ കാർഷിക ഗവേഷണ കേന്ദ്രം,മണ്ണുത്തി
4. “ ഗ്രാമ പഞ്ചായത്ത് ഓഫീസ്,മാടക്കത്തറ
5. “ കൃഷി ഭവൻ,ഒല്ലൂക്കര
6. “ വില്ലേജ് ഓഫീസ്,വെള്ളാനിക്കര & മാടക്കത്തറ
7. “ കെ.എ.യു വെബ്സൈറ്റ്

Scanned by CamScanner